# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 29.04.2026**

## പ്രധാനവാർത്തകൾ

1. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ 11 വരെ 39.97 ശതമാനം പോളിങ്.

2. നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലമറിയാൻ ഇനി അഞ്ചു നാൾ. വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഉത്തർപ്രദേശ് സന്ദർശനം തുടരുന്നു. ഇന്ന് വിവിധ പരിപാടികളിൽ പങ്കെടുക്കും.

4. തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തം അന്വേഷിക്കുന്ന ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ ഇന്ന് അപകടസ്ഥലം സന്ദർശിക്കും.

5. സംസ്ഥാനത്ത് വേനൽ മഴ തുടരും. കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

***********************************

RNU TVPM

## പശ്ചിമബംഗാൾ-തിരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ രണ്ടാമത്തെയും അവസാനത്തേയും ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ 11 വരെയുള്ള കണക്കനുസരിച്ച് 39.97 ശതമാനം പോളിങ് രേഖപ്പെടുത്തി. 142 മണ്ഡലങ്ങളിലായി മൂന്ന് കോടി 20 ലക്ഷം വോട്ടർമാരാണ് പശ്ചിമബംഗാളിൽ രണ്ടാംഘട്ടത്തിൽ സമ്മതി ദാനാവകാശം വിനിയോഗിക്കുന്നത്. 1,448 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ട്. 41,001 പോളിങ്ങ് സ്റ്റേഷനുകളാണ് വോട്ടെടുപ്പിനായി ക്രമീകരിച്ചിരിക്കുന്നത്. രാവിലെ ഏഴിന് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറ് വരെ തുടരും. കേരളം ഉൾപ്പെടെ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും മെയ് നാലിനാണ് വോട്ടെണ്ണൽ.

RNU TVPM

*****************************************

## പ്രധാനമന്ത്രി – പശ്ചിമബംഗാൾ

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ വോട്ട് രേഖപ്പെടുത്താൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗേയും. വോട്ട് ചെയ്ത് ജനാധിപത്യത്തെ കൂടുതൽ ഊർജ്ജസ്വലമാക്കണമെന്നും പശ്ചിമ ബംഗാളിലെ സ്ത്രീകളും യുവാക്കളും വലിയതോതിൽ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കേണ്ടത് പ്രധാനമാണെന്നും ശ്രീ മോദി സമൂഹ മാധ്യമത്തിൽ പറഞ്ഞു. യുവാക്കളോടും ആദ്യ തവണ വോട്ടു ചെയ്യുന്നവരോടും തങ്ങളുടെ സമ്മതിദാന അവകാശം ഉപയോഗപ്പെടുത്താൻ ശ്രീ ഖർഗേ ആഹ്വാനം ചെയ്തു.

********************************

## വോട്ടെണ്ണൽ- ഒരുക്കങ്ങൾ(ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലമറിയാൻ ഇനി അഞ്ചു നാൾ. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിലാണ്. തപാൽ വോട്ടുകളാവും ആദ്യം എണ്ണുക. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

(വോയ്സ്)

********************************

## തദ്ദേശ തിരഞ്ഞെടുപ്പ് - ഗുജറാത്ത്

ഗുജറാത്ത് തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ വൻ വിജയം നേടി ബിജെപി. സംസ്ഥാനത്തെ പതിനഞ്ച് മുൻസിപ്പൽ കോർപ്പറേഷനുകളിലും മുപ്പത്തിമൂന്ന് ജില്ലാ പഞ്ചായത്തുകളിലും എഴുപത്തിയെട്ട് മുൻസിപ്പാലിറ്റികളിലും ബിജെപി വിജയിച്ചു. അതേസമയം കോൺഗ്രസ് ആറ് മുൻസിപ്പാലിറ്റികളിലാണ് ജയം സ്വന്തമാക്കിയത്. നർമ്മദ ജില്ലാ പഞ്ചായത്ത് പിടിച്ചെടുത്ത് ആം ആദ്മി പാർട്ടി ശ്രദ്ധേയമായ മുന്നേറ്റം നടത്തി. ഇവിടെ 22-ൽ 15 സീറ്റുകളും എ.എ.പി നേടി. 12 താലൂക്ക് പഞ്ചായത്തുകളിലും എ.എ.പി വിജയിച്ചു.

RNUTVPM

********************************

## പ്രധാനമന്ത്രി - ഉത്തർപ്രദേശ്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഉത്തർപ്രദേശ് സന്ദർശനം തുടരുന്നു. വാരാണസിയിലെ കാശി വിശ്വനാഥ ക്ഷേത്തിൽ ശ്രീ മോദി ദർശനം നടത്തി. ഇന്ന് വിവിധ പരിപാടികളിൽ അദ്ദേഹം

പങ്കെടുക്കും. ഹർദോയിൽ പൊതുസമ്മേളനത്തെ അല്പസമയത്തിനകം ശ്രീ മോദി അഭിസംബോധന ചെയ്യും.

********************************

## വെടിക്കെട്ട് ദുരന്തം -അന്വേഷണം

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തം അന്വേഷിക്കുന്ന ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ ഇന്ന് അപകടസ്ഥലം സന്ദർശിക്കും. മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന ദുരന്ത ബാധിതരെ നേരിൽ കാണുന്ന അദ്ദേഹം ജില്ലാ കളക്ടറുമായും തൃശൂർ കമ്മീഷണറുമായും കൂടിക്കാഴ്ച നടത്തും.

********************************

RNU TVPM

## കാലാവസ്ഥ - സംസ്ഥാനം

സംസ്ഥാനത്ത് വേനൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയണ്. അതേസമയം ഉയർന്ന അൾട്രാവയലറ്റ് സൂചിക റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ കോന്നിയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ചെങ്ങന്നൂർ, ചങ്ങനാശേരി, മൂന്നാർ, കളമശേരി, ഒല്ലൂർ, പൊന്നാനി എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതയാണ്.

********************************

## പാലക്കാട് - താപനില(ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഇന്നും താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ഉയർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. താപനില തുടർച്ചയായ ദിവസങ്ങളിൽ

ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ കൂടുതൽ ജാഗ്രത വേണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. ജില്ലയിൽ വേനൽക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ മംഗലം അണക്കെട്ടിന്റെ റിവർ സ്ലൂയിസ് വഴി ഇന്ന് പുഴയിലേക്ക് വെള്ളം തുറന്നുവിട്ടിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

********************************

## തൊഴിലാളി മരിച്ചു

കണ്ണൂർ തലശ്ശേരിയിൽ വൈദ്യുതാഘാതമേറ്റ് കെ.എസ്.ഇ.ബി കരാർ തൊഴിലാളി മരിച്ചു. കുണ്ടുചിറ സ്വദേശി എ.രാജൻ ആണ് മരിച്ചത്. ഇന്നലെ രാത്രി 110 കെ വി സബ് സ്റ്റേഷന്റെ എർത്ത് കമ്പിയിൽ നിന്ന് ഷോക്കേൽക്കുകയായിരുന്നു. മൃതദേഹം തലശ്ശേരി സഹകരണ ആശുപത്രിയിലേക്ക് മാറ്റി.

RNUTVPM

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

********************************

## ആകാശവാണി-സംഗീതാർച്ചന

ആകാശവാണി തിരുവനന്തപുരം നിലയം സ്വാതി തിരുനാൾ സംഗീതോൽസവത്തോട് അനുബന്ധിച്ചു സംഘടിപ്പിക്കുന്ന

സംഗീതാർച്ചന മെയ് ഒന്നിനു തിരുവനന്തപുരത്തു നടക്കും. രാവിലെ ഒൻപതു മണി മുതൽ കോട്ടയ്ക്കകം ലെവി ഹാളിലായിരിക്കും പരിപാടികൾ. ആകാശവാണിയുടെ കേരള നിലയങ്ങൾ പരിപാടി തൽസമയം പ്രക്ഷേപണം ചെയ്യും.

******************************

## ഗ്ലാസ് വാച്ച് ടവർ -ഇടുക്കി(ഇൻട്രോ)

ഇടുക്കി ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് കരുത്തേകി മൂന്നാറിൽ ഗ്ലാസ് വാച്ച് ടവർ പ്രവർത്തനമാരംഭിച്ചു. മധ്യവേനൽ അവധിക്കാലം ആസ്വദിക്കാനെത്തുന്ന സഞ്ചാരികൾക്ക് പുത്തൻ അനുഭവം നൽകുന്നതാണ് ഈ പദ്ധതി. കേരളത്തിലെ ഏറ്റവും നീളമേറിയ ഡബിൾ ലൈൻ ഗ്ലാസ് വാച്ച് ടവർ എന്ന പ്രത്യേകതയും ഇതിനുണ്ട്. ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.......

(വോയ്സ്)

RNUTVPM

******************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30ന് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസ് ആറ് വിക്കറ്റിന് വിജയിച്ചു.

******************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 891 പോയിന്റ് നേട്ടത്തിൽ 77,778 ലും, നിഫ്റ്റി 282 പോയിന്റ് ഉയർന്നു 24,278 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 320 രൂപ ഉയർന്ന് ഒരു ലക്ഷത്തി 11,000 രൂപയും, ഗ്രാമിന് 13,875 രൂപയുമാണ് ഇന്നത്തെ വില.

*******************************

## ഗതാഗത നിയന്ത്രണം

കൽപറ്റ താമരശേരി ചുരത്തിൽ ഗതാഗത നിയന്ത്രണം. ആറാം വളവിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനിടെ കൊക്കയിലേക്ക് മറിഞ്ഞ് അപകടത്തിൽപ്പെട്ട ഹിറ്റാച്ചി ക്രെയിൻ ഉപയോഗിച്ച് ഉയർത്തുന്നതിനാൽ ഇന്ന് പകൽ സമയത്ത് ഭാര വാഹനങ്ങൾക്കും മൾട്ടി ആക്സിൽ വാഹനങ്ങൾക്കും ചുരത്തിൽ പൂർണ നിയന്ത്രണവും മറ്റ് വാഹനങ്ങൾക്ക് ഭാഗിക നിയന്ത്രണവും ഏർപ്പെടുത്തും. ചുരം വ്യൂ പോയിന്റിൽ പാറ ഇടിഞ്ഞ ഭാഗത്ത് നെറ്റ് ഇടുന്ന പ്രവൃത്തിയും ഒൻപതാം വളവിലെ സംരക്ഷണ ഭിത്തിയുടെ പ്രവൃത്തികളും ഇതേസമയം നടക്കുന്നുണ്ട്. രണ്ടാം വളവിനടുത്ത് കൾവർട്ടിൻറെ പ്രവൃത്തി കൂടി ആരംഭിക്കുന്ന സാഹചര്യത്തിൽ പകൽ സമയത്ത് ചുരത്തിൽ ഭാരവാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

*******************************

## അറ്റകുറ്റപ്പണി- കണ്ണൂർ

കണ്ണൂർ മരുതായി പാലം- ഇരിക്കൂർ റോഡിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇന്ന് മുതൽ മൂന്ന് ദിവസത്തേക്ക് മരുതായി പാലം മുതൽ കൊളപ്പ വരെയുള്ള ഭാഗത്ത് ഗതാഗതം പൂർണ്ണമായും നിരോധിച്ചു. ഇരിക്കൂർ ഭാഗത്ത് നിന്നു വരുന്ന

വാഹനങ്ങൾ മണ്ണൂർ മരുതായി വഴി മട്ടന്നൂർ കോടോളിപ്രം റോഡും കൊളപ്പ ഭാഗത്തു നിന്നു വരുന്ന വാഹനങ്ങൾ കോടോളിപ്രം മട്ടന്നൂർ റോഡും മറ്റ് അനുയോജ്യമായ റോഡുകളും ഗതാഗതത്തിനായി ഉപയോഗിക്കണം.

********************************

## ഇടുക്കി കൊലപാതകം

ഇടുക്കി നെടുങ്കണ്ടത്ത് അമ്മയെയും സഹോദരനെയും കൊലപ്പെടുത്തി കുഴിച്ചുമൂടിയ സംഭവത്തിൽ പ്രതി സജിയുടെ ചോദ്യം ചെയ്യൽ തുടരുന്നു. ഇക്കഴിഞ്ഞ ഏപ്രിൽ നാലാം തീയതി രാത്രിയാണ് പച്ചടി സ്വദേശി മേരിക്കുട്ടിയെയും മകൻ റെജിയെയും സജി കൊലപ്പെടുത്തിയത്. പിന്നാലെ നടത്തിയെ തെരച്ചിലിൽ വീട്ടുവളപ്പിൽ നിന്ന് രണ്ട് മൃതദേഹങ്ങളും പൊലീസ് കണ്ടെടുക്കുകയായിരുന്നു.

RNU TVPM

********************************

## വാഹനാപകടം

വയനാട് മേപ്പാടിയിൽ കെഎസ്ആർടിസി ബസടിച്ച് വയോധിക മരിച്ചു. പള്ളിക്കവല സ്വദേശിനി അന്നമ്മആണ് മരിച്ചത്. ബസ്സിൽ കയറാൻ ശ്രമിക്കുന്നതിനിടെയായിരുന്നു അപകടം.

********************************

## ഇരിങ്ങാലക്കുട കൂടൽമാണിക്യം

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ തിരുവുത്സവത്തിന് തുടക്കമായി. ജാതിമത ഭേദമന്യേ ഏവരും ഒത്തുചേരുന്ന ഈ മഹോത്സവം ഇരിഞ്ഞാലക്കുടയുടെ സാംസ്കാരിക പൈതൃകത്തിന്റെ അടയാളം കൂടിയാണ്. മേയ് 8 വരെയാണ് ഉത്സവം.

*********************************

## ഇസ്രായേൽ -ഹിസ്ബുള്ള

ലെബനനിലെ ഖാന്തറ മേഖലയിൽ ഹിസ്ബുള്ളയുടെ തുരങ്കം തകർത്തതായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഹിസ്ബുള്ളയുടെ ഭീകരകേന്ദ്രങ്ങൾ നശിപ്പിക്കുകയാണെന്നും നിരവധി ഭീകരരെ വധിച്ചതായും അദ്ദേഹം വ്യക്തമാക്കി. അതേസമയം ഗാസയിലെ വെടിനിർത്തലിന് അപ്പുറം ഇസ്രായേൽ അധിനിവേശം പൂർണ്ണമായും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷൻ ഐക്യരാഷ്ട്രസഭ രക്ഷാസമിതിയോട് ആവശ്യപ്പെട്ടു. പലസ്തീൻ ജനതയ്ക്കും അയൽരാജ്യങ്ങൾക്കും എതിരെ ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങളെയും സംഘടന അപലപിച്ചു.

*************************************************************

*********************************

RNU TVPM